MENIAL SERVICE—JUDICIAL DEPARTMENT—DEPRESSED CLASSES—EMPLOYMENT OF

249. മിസ്റ്റർ പി. കെ. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ട ദയവായി മറുപടി പറയുമൊ.—

(എ) ജൂഡിഷ്യൽ ഡിപ്പാർട്ടുമെണ്ടിൽ അധഃകൃതരിൽനിന്ന് ഫ്രഫ്രെ ധന്ന ഫ്രെ-ാംന്ന-വരെ എത്ര ആളുകളെ ശിപായി മുതലായ താഴ്ന്ന ഉദ്യോഗങ്ങളിൽ നിയമിച്ചിട്ടുണ്ട് ;

(ബി) ഇരിങ്ങാലക്കുട ഡിസ്ട്രിക്ട് മുൻസിഫ് കോടതിയിയിൽ മാസപ്പടിയായിരുന്ന പുലയൻ ഇ. പി. അയ്യപ്പനെ ഉദ്യോഗത്തിൽ നിന്ന പിരിച്ചിട്ടുണ്ടൊ ;

(സി) ഉണ്ടെങ്കിൽ ആ ഒഴിവിൽ പുലയരിൽനിന്ന ആരെയെങ്കിലും നിയമിച്ചിട്ടുണ്ടൊ ;

(ഡി) ഇല്ലെങ്കിൽ നിയമിച്ചുകൂടേ ?

റാവു സാഹിബ്ബ് കെ. അച്ചുതമേനോൻ :

(എ) ചോദ്യത്തിൽ കാലം ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ട ശരിയായ ഉത്തരം തരുവാൻ സാദ്ധ്യമല്ല.

(ബി) ഇല്ല, ടിയാന്റെ രാജി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അവസരം വരുമ്പോൾ തക്കതായ അപേക്ഷക്കാർ ഉണ്ടെങ്കിൽ നിയമിക്കാൻ വിരോധമില്ല.

മിസ്റ്റർ വി കെ. കുട്ടി : ഫ്രഫ്രെ ധന്ന ഫ്രെ-ാംന്ന-വരെ എന്ന് ചോദിച്ചിട്ടുള്ളതു ഫ്രഫ്രെ ചിങ്ങം ഫ്രാംന്ന- മുതൽ എന്നുള്ള അർത്ഥമേയുള്ളു.

റാവു സാഹിബ്ബ് കെ. അച്ചുതമേനോൻ : ഇതിൽ ഫ്രഫ്രെ ധന്ന ഫ്രെ-ാംന്ന-വരെ എന്ന മാത്രമെ പറഞ്ഞിട്ടുള്ളു. ഈ ചോദ്യം ചോദിച്ചിട്ടുള്ള സമയംവരെ എത്രയുണ്ടെന്നാണ് ചോദിച്ചിരിക്കുന്നതു.

മിസ്റ്റർ വി. കെ. കുട്ടി : ചിങ്ങം ഫ്രാംന്ന- മുതൽക്ക എന്ന അർത്ഥമെ അതിനുള്ളു.

റാവു സാഹിബ്ബ് കെ. അച്ചുതമേനോൻ : കൊല്ലാരംഭം മുതൽക്ക എത്ര ആളുകളെ വെച്ചിട്ടുണ്ട് എന്ന ചോദിച്ചാൽ മറുപടി പറയുവാൻ കുറെ പ്രയാസമുണ്ട്.

LABOUR LEGISLATION IN THE STATE—STEPS FOR

250. മിസ്റ്റർ വി. കെ. കുട്ടി : താഴെ പറയുന്ന ചോദ്യത്തിന്ന ഗവമ്മെണ്ട ദയം സമാധാനം നൽകുമോ.—

മൈസൂർ ലേബർ ഓർഡിനൻസിന്റെ രീതിയിൽ ഒരു തൊഴിലാളി നിയമം ഇവിടെയും നടപ്പിലാക്കാൻ വേണ്ട നടപടികൾ എടുക്കുന്നതിന്ന് ഗവമ്മെണ്ടിന്ന ദയവുണ്ടാകുമോ ?

മിസ്റ്റർ പി. വി. റാഫേൽ : ആവിധത്തിലുള്ള ഒരു നിയമം ആവശ്യമാണെന്ന ഇനിയും തോന്നിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly